# മഴവില്ല്

## വി എച്ച് എസ് എസ് ഫോർ ഗേൾസ്

## തിരുവല്ലം





ആശംസകളോടെ...

**H M കുമാരി രശ്മി ടീച്ചർ**

# ഉള്ളടക്കം

1. നമ്മുടെ സ്കൂൾ

2.ലിറ്റിൽ കൈറ്റ്സ്

2. നെൽപാടം (നാടൻപാട്ട്)

3. കുഞ്ഞിപൂമ്പാറ്റ (കഥ)

4. കാറ്റു വന്നു... (കവിത)

5. ബിരിയാണി (ആസ്വാദനക്കുറിപ്പ്)

6. ആരോഗ്യം (കവിത)

7. ഒരു പൊട്ടിയകുടത്തിന്റെ കഥ

# നമ്മുടെ സ്കൂൾ പ്രവർത്തനങ്ങൾ

**2023-24 അദ്ധ്യയന വർഷം ജൂൺ ഒന്നിനു നടന്ന ഗംഭീരമായ പ്രവേശനോത്സവത്തോടെ ആരംഭിച്ചു. ജൂൺ 5ന് പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ അസംബ്ലി നടത്തുകയും അതിലൂടെ ഹരിതകർമ്മ സേനാംഗങ്ങളെ ആദരിച്ചു.**




**ജൂൺ 19 വായനാ ദിനത്തിൽ കവിയും എഴിത്തുകാരനുമായ ശ്രീ ഉണ്ണി കൃഷ്ണൻ സാർ കുട്ടികളുമായി സംവദിച്ചു. ഇതിന്റെ ഭാഗമായി വായനാ മത്സരം, ഉപന്യാസ മത്സരം, ക്വിസ്  മത്സരം എന്നിവ നടത്തി. ജൂൺ 21ന് അന്താരാഷ്ട്ര യോഗാ ദിനം ആചരിച്ചു. ജൂണ് 23ന് ആരോഗ്യ അസംബ്ലി നടത്തി.**

**ജൂൺ 26ന് ലഹരി വിരുദ്ധ ദിനം, ജൂലൈ 5 ബഷീർ അനുസ്മരണദിനം ജൂലൈ 15 ജനസംഖ്യാ ദിനം എന്നിവ വളരെ വിപുലമായ പ്രവർത്തനങ്ങളോടെ ആഘോഷിച്ചു.**



**കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ കുട്ടികളെ  സംപൂർണ "First Aid &CPR" പരിചരണ വിദഗ്ദ്ധരാക്കി മാറ്റുന്ന "IHNA ആസ്ട്രേലിയ" ആരോഗ്യ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നമ്മുടെ സ്കൂളിൽ വെച്ച് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടി നിർവഹിച്ചു. ജൂലൈ 28ന് ലോക പ്രകൃതി സംരക്ഷണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ തയാറാക്കി. ചാന്ദ്ര ദിനത്തോടനുബന്ധിച്ച് അസംബ്ലി, പോസ്റ്റർ, മോഡൽ  ഇവ നിർമിച്ചു.**

ആഗസ്റ്റ് 6,9ഹിരോഷിമ- നാഗസാക്കി ദിനങ്ങളും അഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനവും വിപുലമായി ആഘോഷിച്ചു. ആഗസ്റ്റ് 25 ന് ഓണാഘോഷ പരിപാടികൾ നടത്തി.




സെപ്തംബർ 5 അധ്യാപക ദിനത്തിൽ സ്പെഷ്യൽ അസംബ്ലി നടത്തുകയും ആ ദിനം കുട്ടികൾ തന്നെ അധ്യാപകരും അനധ്യാപകരുമായി സ്കൂൾ പ്രവർത്തനങ്ങൾ നിയന്ത്രിച്ചു. സമർത്ഥമായി ക്ലാസ് എടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി .
സെപ്റ്റംബർ 16 ഓസോൺ ദിനത്തിൽ ക്വിസ് നടത്തി. സെപ്റ്റംബർ 14,15 തീയതികളിൽ സ്പോർട്സും 18,19 തീയതികളിൽ സയൻസ് എക്സിബിഷൻ ,ഫുഡ് ഫെസ്റ്റിവൽ 20, 21 തീയതികളിൽ യുവജനോത്സവം ഇവ ഗംഭീരമായി ആഘോഷിച്ചു.




ഒക്ടോബർ 2 ന് ഗാന്ധി ജയന്ധി ദിനത്തിൽ ഗാന്ധിജിയുടെ ചിത്രത്തിൽ പുഷ്പാർച്ചനയും സ്വാതന്ത്ര്യ ഗീതാലാപനവും നടത്തി.
നവംബർ 1 ല് കേരളപ്പിറവി ദിനവുമായി ബന്ധപ്പെട്ട് വിവിധ കലാ പരിപാടികളോടെ അസംബ്ലി നടത്തി.


**നവംബർ 14 ന് ശിശു ദിനം ആഘോഷിച്ചു. ഡിസംബര് 1 ന് ലോക എയ്ഡ്സ് ദിനത്തിൽ പ്രത്യേക അസംബ്ലിയും 8ന് ഹിന്ദി അസംബ്ലിയും നടത്തി. ജനുവരി 1 ന് പുതുവർഷ ദിനത്തിൽ കുട്ടികൾക്ക് കേക്ക് വിതരണം ചെയ്തു. 25 ന് സ്കൂൾ വാർഷികം ഗംഭീരമായി ആഘോഷിച്ചു.** 26 ല് റിപ്പബ്ലിക് ദിനത്തിൽ പതാക ഉയർത്തി.




# ലിറ്റിൽ കൈറ്റ്സ്









# നെൽ പാടം (നാടൻ പാട്ട്)

തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..
തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..

പുഞ്ചപ്പാടം പൂത്തുവിളഞ്ഞത് കാണാനെന്തഴക്..ആ
പാടത്ത് കൊക്കുകൾ പാറി പറക്കണ കാണാനെന്തഴക്..
പഞ്ചവർണക്കിളി കതിരുകൊറിക്കണ കാണാനെന്തഴക്..
ആ പാടത്ത് ഞണ്ടുകൾ ഓടിക്കളിക്കണ കാണാനെന്തഴക്..

തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..
തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..

പൊന്നരിവാളുമായ് പെണ്ണുങ്ങളെത്തിയ കാണാനെന്തഴക്..
പുഞ്ചപ്പാടം കൊയ്ത് തുടങ്ങിയത് കാണ്നെന്തഴക്..
കൊയ്തിട്ട കറ്റകൾ കെട്ടിച്ചുമക്കുന്ന കാണാനെന്തഴക്..
കറ്റകൾ പെണ്ണുങ്ങൾ കെട്ടിച്ചുമക്കുന്ന കാണാനെന്തഴക്..

തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..
തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..

നെൻമണി വാരി പറയിൽ നിറക്കണ കാണാനെന്തഴക്..
തമ്പ്രാന്റെ ആളുകൾ നെല്ല് കൊണ്ടോണത് കാണാനെന്തഴക്..
തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..
തെയ്യാരാരോ രാരാരോ..... തക തെയ്യം തെയ്യാരേ..





ആദിത്യാ അനിൽ കുമാർ

# കുഞ്ഞി പൂമ്പാറ്റ

കുഞ്ഞു റോസാപൂവിന്റെ
കുഞ്ഞിതളുകളിൽ ഒളിച്ചിരുന്നു
കുഞ്ഞിപൂമ്പാറ്റ. അമ്മപൂമ്പാറ്റ രാവിലെ
എഴുന്നേറ്റ് പൂവുകളിൽനിന്ന്
പൂവുകളിലേക്ക് പറക്കാൻ തുടങ്ങി. അമ്മ
പൂമ്പാറ്റ കുഞ്ഞിപൂമ്പാറ്റയെ വിളിച്ചു.
"മോളേ തേൻ കുടിക്കാൻ വായോ."
കുഞ്ഞിപൂമ്പാറ്റ മിണ്ടിയില്ല.
വൈകുന്നേരമായപ്പോഴേക്കും അമ്മപ്പൂമ്പാറ്റ
തേനുമായി തരിച്ചെത്തി. അമ്മപൂമ്പാറ്റ
കുഞ്ഞിയെ വിളിച്ചു. "മോളേ തേൻ
കുടിക്കാൻ വാ.." ഇതുകേട്ടപ്പോൾ
കുഞ്ഞിപൂമ്പാറ്റ തുള്ളിച്ചാടി അമ്മയുടെ
അടുത്തെത്തി.
"അമ്മേ തേൻ തരൂ.." കുഞ്ഞി
കൊഞ്ചിക്കൊണ്ടു പറഞ്ഞു.



അപ്പോൾ അമ്മ പറഞ്ഞു. മോളേ തേൻ കുടിക്കാൻ ഒരു പ്ലാവില കൊണ്ടുവാ.. തേൻ പ്ലാവിലയിൽ ഒഴിച്ചുതരാം. അപ്പോൾ കുഞ്ഞി മടിയോടെ പറഞ്ഞു. എനിക്ക് വയ്യമ്മേ..

പ്ലാവില കൊണ്ടുവരാതെ തേൻ തരില്ലെന്ന് മനസ്സിലാക്കിയ കഞ്ഞി പൂമ്പാറ്റ പ്ലാവില തിരക്കി പ്ലാവിൻ ചുവട്ടിലെത്തി.

പ്ലാവിൻചുവട്ടിലെ കുഞ്ഞി കല്ലിൽ തട്ടി ചിറക് വേദനിച്ചു. പ്ലാവിലയുമായി കരഞ്ഞുകൊണ്ട് വീട്ടിലെത്തിയ കഞ്ഞി പൂമ്പാറ്റക്ക് അമ്മ വയറു നിറയെ തേൻ കൊടുത്തു.

തേൻ കുടിച്ച് ഏമ്പക്കം വിട്ട കുഞ്ഞിയോട് അമ്മ പറഞ്ഞു. അമ്മ ഒത്തിരി കഷ്ടപ്പെട്ടിട്ടാ ഇത്തിരി തേനെങ്കിലും കിട്ടുന്നത്. അതുകൊണ്ട് നാളെ മുതൽ മോളും അമ്മയോടൊപ്പം തേൻ കുടിക്കാൻ വരണം.

കുഞ്ഞി പൂമ്പാറ്റ തലയാട്ടി.

പിറ്റേന്ന് മുതൽ കുഞ്ഞിപ്പൂമ്പാറ്റ നല്ല കുട്ടിയായി അമ്മയോടൊപ്പം തേൻ കുടിക്കാൻ പോയി തുടങ്ങി. അമ്മ പൂമ്പാറ്റക്ക് സന്തോഷമായി.



ആതിരാ അനിൽ കുമാർ

# കാറ്റു വന്നു..

ആരുമറിയാതെത്തിയ കാറ്റിൻറെ
കാലൊച്ച കേട്ട ഞാൻ
എത്തിയ വാതുക്കൽ
നിൽകുന്നു പൂക്കാലം..
പൂക്കൾ നിറഞ്ഞൊരാ
പൂമരത്തിൽ കാറ്റൊന്ന് വീശിയാൽ
താഴെയൊരു പൂന്തോട്ടം ദൃശ്യമാകും..
കാറ്റത്ത് വന്നൊരാ
പൂക്കളിൻ സുഗന്ധത്തിൽ
മയങ്ങി നിന്നൊരാ നിമിഷങ്ങൾ
ഞാനിന്നോർകുന്നു കൂട്ടരേ...



വിഷ്ണ പ്രിയ

# ബിരിയാണി

(ആസ്വാദനക്കുറിപ്പ് )

സന്തോഷ് ഏച്ചിക്കാനം രചിച്ച മലയാളം ചെറുകഥയാണ് ബിരിയാണി. ഈ കഥയിലെ കേന്ദ്ര കഥാപാത്രം ബീഹാറിയായ ഗോപാൽ യദവാണ്. കാസർകോടാണ് കഥയുടെ പശ്ചാതലം. കാസർകോട്ടെ കലന്തർ ഹാജിയുടെ വീട്ടിൽ ആറായിരം ആളുകൾ പങ്കെടുക്കുന്ന ഒരു വിരുന്ന് നടക്കുകയാണ്. ആ വിരുന്നിൽ ധാരാളം ഭക്ഷണം ബാക്കിയായി. ബാക്കിയായ ഭക്ഷണം കുഴിച്ചു മൂടാൻ ഗോപാൽ യാദവ് എന്ന ബീഹാറിയെ വിളിച്ചു. ഗോപാൽ യാദവിനോട് നീളത്തിലും വീതിയിലുമുള്ള ഒരു കുഴി കുഴിക്കാൻ പറഞ്ഞു. എന്നാൽ അദ്ദേഹത്തിന് അറിയില്ലായിരുന്നു അത് എന്തിനുള്ള കുഴിയാണെന്ന്. കുറേ കഴിഞ്ഞപ്പോൾ ഒരു സുഗന്ധം പരന്നു. ആ സുഗന്ധം ബിരിയാണിയുടേതാണെന്നും ബസ്മതി എന്ന വിലകൂടിയ അരികൊണ്ടുണ്ടാക്കിയതാണെന്നും അയാൾക്ക് മനസ്സിലായി.



ബസ്മതി
എന്ന വാക്കും അദ്ദേഹത്തിന്റ ജീവിതവുമായി വളരെ തീഷ്ണവും തീവ്രവുമായ ഒരു ബന്ധമുണ്ട്. ഗോപാൽ യാദവിന്റെ സ്വന്തം ജീവിതത്തിലൂടെയാണ് ഈ കഥ മുന്നോട്ട് പോകുന്നത്. അദ്ദേഹത്തിന്റെ ഭാര്യ മാതംഗി ഗർഭിണി യായിരിക്കുമ്പോൾ ബസ്മതി കൊണ്ടുള്ള കഞ്ഞികുടിക്കണമെന്ന് അദ്ദേഹത്തോട് പറഞ്ഞു. അത് വാങ്ങി ചോറുവക്കാനുള്ള വകയൊന്നും അയാൾക്ക് ഇല്ലായിരുന്നു. അൻപത് ഗ്രാം ബസ്മതി അരി അയാൾ തൂക്കി വാങ്ങി. വീട്ടിലെത്തും മുമ്പ്തന്നെ

മാതംഗിയുടെ കൊതികൊണ്ട് അവൾ അത് ചവച്ചരച്ച് തിന്നിരുന്നു.



അവർക്ക് ഒരു മകൾ ഉണ്ടായി. മോളെ അവർ "ബസ്മതി" എന്ന് വിളിച്ചു. ഈ ഓർമയിൽ വിങ്ങിപ്പൊട്ടി നിൽക്കുമ്പോഴാണ് ബസ്മതി കൊണ്ടുണ്ടാക്കിയ ബിരിയാണിയുടെ നിരനിരയായി ചെമ്പുകൾ വരുന്നത്. ബാക്കിവന്ന ഭക്ഷണം കുഴിയിലേക്ക് തട്ടാൻ അവർ ഗോപാൽ യാദവിനോട് പറഞ്ഞു. കുഴി പെട്ടെന്നു തന്നെ നിറഞ്ഞു. അപ്പോൾ ആ മനുഷ്യനോട് അത് ചവിട്ടി താഴ്ത്താനായി അവർ പറഞ്ഞു. അയാൾ അത് ചവിട്ടി താഴ്ത്താൻ കഴിയാതെ വിങ്ങി പൊട്ടി നിന്നു.

അയാളുടെ അടുത്ത് നിന്നയാൾ ചോദിച്ചു. നിങ്ങളുടെ പേരെന്താണ് ? അദ്ദേഹം മറുപടി നൽകി. എന്റെ പേര് ഗോപാൽ യാദവെന്നാണ്. നിങ്ങൾക്ക് ആരൊക്കെയുണ്ട് ? അപ്പോൾ പറഞ്ഞു. ഭാര്യയും മകളും. മകൾ എന്തു ചെയ്യുകയാണ് ? പഠിക്കുകയാണോ? അല്ല എന്നു മറുപടി കിട്ടിയപ്പോൾ പിന്നെ എന്ത് ചെയ്യുകയാണ് എന്ന് ചോദിച്ചു. അപ്പോൾ ഗോപാൽ യാദവ് മറുപടി പറഞ്ഞു. എന്റെ മകൾ മരിച്ചുപോയി. അവർ വീണ്ടും ചോദിച്ചു. മകൾ എങ്ങനെയാ മരിച്ചത്? അപ്പോൾ അദ്ദേഹം പറഞ്ഞു പട്ടിണി കൊണ്ട്..



പട്ടിണികൊണ്ട് മരിച്ചുപോയ മകളുടെ മുഖം അത്രമേൽ മനസിലുള്ള ഒരു അച്ഛന് എങ്ങനെയാണ് ആ ഭക്ഷണം ചവിട്ടി താഴ്ത്താൻ കഴിയുക.

ഗോപാൽ യാദവ് ഒരു കൈക്കോട്ട് മണ്ണ് കൂടി ബസ്മതിക്കുമേൽ കോരിയിട്ടു. കുറേ ശ്വാസം ഉള്ളിലേക്ക വലിച്ചെടുത്തു.. എന്ന വാചകത്തോടെ ഈ കഥ അവസാനിക്കുകയാണ്. വിശക്കുന്നവന്റെ നിസ്സഹായതയും ആത്മ നൊമ്പരവും വെളിവാക്കുന്ന ഒരു കഥയാണ് ബിരിയാണി. ബിരിയാണി ഒരു ഓർമപ്പെടുത്തലിന്റെ കൂടെ കഥയാണ്. വിശപ്പ് എന്ന യാഥാർത്യം ഇന്നും നമുക്കിടയിലുണ്ട് എന്ന ഓർമപ്പെടുത്തൽ...



ശ്രീ ലക്ഷ്മി

# ഒരു പൊട്ടിയ കുടത്തിന്റെ കഥ

**ഒ**രിക്കൽ ഒരിടത്ത് ഒരു കർഷകന് അയാളുടെ കൃഷി സ്ഥലത്ത് വെള്ളമൊഴിക്കാനായി രണ്ടു കുടങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒരു കുടം പൊട്ടിയതും ഒന്ന് പൊട്ടാത്തതും ആയിരുന്നു. എങ്കിലും കർഷകൻ വെള്ളം കോരാൻ ആ പൊട്ടിയകുടത്തെയും എടുക്കുമായിരുന്നു.  പക്ഷെ പുഴയിൽ നിന്ന് വെള്ളം കോരി പാടത്തെത്തുമ്പോഴേക്കും അതിലുള്ള വെള്ളമെല്ലാം വാർന്ന്പോയിരിക്കും. ഇതു കണ്ട് പൊട്ടാത്ത കുടം പൊട്ടിയ കുടത്തെ കളിയാക്കാൻ തുടങ്ങി."നിന്നെകൊണ്ട് നമ്മുടെ കർഷകന് ഒരു ഉപയോഗവുമില്ല. പുഴയിൽ നിന്ന് കൃഷിയിടം എത്തുമ്പോഴേക്കും നിൻറെ വെള്ളം തീർന്നിരിക്കും. നീ താനേ അങ്ങ് പൊട്ടിപ്പോയേക്ക്.." എന്നൊക്കെ പറഞ്ഞ് പൊട്ടിയകുടത്തെ
വലാതെ
വല്ലാതെ വിഷമിപ്പിക്കും.



വിഷമത്തോടെ പൊട്ടിയകുടം കർഷകനോട് പറഞ്ഞു. ”യജമാനനേ എന്നെ നിങ്ങൾ പൊട്ടിച്ചു കളഞ്ഞേക്കൂ.. എന്നേ കൊണ്ട് താങ്കൾക്ക് ഒരുപയോഗവുമില്ല”. അപ്പോൾ കർഷകൻ പറഞ്ഞു. ”ആരാ പറഞ്ഞത് നിനക്ക് ഒരുപയോഗവുമില്ലെന്ന്.. എന്റെ കൂടെ വരൂ .. നിന്റെ ഉപയോഗം എന്താണെന്ന് ഞാൻ കാണിച്ചു തരാം”. ഇങ്ങനെ പറഞ്ഞ് കർഷകൻ രണ്ട് കുടങ്ങളുമെടുത്ത് പുഴക്കരയിലേക്ക് പോയി. രണ്ട് കുടത്തിലും വെള്ളമെടുത്ത് തിരിഞ്ഞു. എന്നിട്ട് കർഷകൻ പറഞ്ഞു. ”നിന്നെ ഞാൻ എപ്പോഴും വലത്തെ കൈയിലാണ് പിടിക്കുക. പൊട്ടാത്ത കുടത്തിനെ ഇടത്തെ കൈയ്യിലും. നീ ഇടതു വശത്തേക്ക് നോക്കൂ. അവിടെ ചെടികളോ പൂക്കളോ ഒന്നും തന്നെയില്ല. എന്നാൽ നീ വലതുവശത്തേക്ക് നോക്കൂ. പൂക്കളും പുല്ലുകളും ചെടികളും നിറഞ്ഞ് മനോഹരമായിരിക്കുന്നു.ഇതെല്ലാം നിന്റെ കുടത്തിൽ നിന്നും വാർന്നുപോയ വെള്ളംകൊണ്ട് ഉണ്ടായതാണ്. ഇനി പറയൂ..



നീ ഉപയോഗമുള്ളതാണോ അല്ലയോ എന്ന്.."
ഇത് കേട്ട പൊട്ടിയ കുടത്തിന്റെ മനസ്സ് സന്തോഷത്താൽ നിറഞ്ഞു. ഒരു വസ്തുവും ഉപയോഗമില്ലാത്തവയല്ല. നമ്മൾ എന്താണോ ഉപയോഗമില്ല എന്ന് ചിന്തിക്കുന്നത് അത് ഏതെങ്കിലും ഒരു സാഹചര്യത്തിൽ നമുക്ക് ഉപയോഗപ്രദമാകും. ഇതാണ് നമുക്ക് ഇതിൽ നിന്ന് കിട്ടുന്ന ഗുണപാഠം.



നേഹ ആർ